# Athmaraksha.org

രക്ഷയുടെ വഴികൾ

## പാവപ്പെട്ടവരോട് ദയ കാണിക്കുക




മനുഷ്യാ, നല്ലതെന്തെന്ന് അവിടുന്ന് നിനക്കു കാണിച്ചുതന്നിട്ടുണ്ട്. നീതി പ്രവർത്തിക്കുക; കരുണ കാണിക്കുക; നിന്റെ ദൈവത്തിന്റെ സന്നിധിയിൽ വിനീതനായി ചരിക്കുക. ഇതല്ലാതെ മറ്റെന്താണ് കർത്താവ് നിന്നിൽനിന്ന് ആവശ്യപ്പെടുന്നത്? (മിക്കാ 6:8).

പാവങ്ങളെപ്പറ്റി ചിന്തവേണം എന്നുമാത്രമേ ഞങ്ങളോട് അവർ ആവശ്യപ്പെട്ടുള്ളു. അതുതന്നെയാണ് എന്റെ തീവ്ര മായ താത്പര്യം (ഗലാത്തിയാ 2:10).
ദാനധർമം മരണത്തിൽ നിന്നു രക്ഷിക്കുന്നു; അതു സകല പാപങ്ങളും തുടച്ചു നീക്കുന്നു. പരോപകാരവും നീതിയും പ്രവർത്തിക്കുന്നവർ ജീവിതത്തിന്റെ പൂർണത ആസ്വദിക്കും (തോബിത് 12:9).

ഭൂമിയിൽ ദരിദ്രർ എന്നും ഉണ്ടായിരിക്കും. ആകയാൽ, നിന്റെ നാട്ടിൽ വസിക്കുന്ന അഗതിയും ദരിദ്രനുമായ നിന്റെ സഹോദരനുവേണ്ടിക്കൈയയച്ചു കൊടുക്കുക എന്നു ഞാൻ നിന്നോടു കൽപിക്കുന്നു (നിയമാവർത്തനം 15:11).

ഒരു സഹോദരനോ സഹോദരിയോ ആവശ്യത്തിനു വസ്ത്രമോ ഭക്ഷണമോ ഇല്ലാതെ കഴിയുമ്പോൾ നിങ്ങളിലാരെങ്കിലും ശരീരത്തിനാവശ്യമായത് അവർക്കു കൊടുക്കാതെ, സമാധാനത്തിൽ പോവുക; തീ കായുക; വിശപ്പടക്കുക എന്നൊക്കെ അവരോടു പറയുന്നെങ്കിൽ, അതുകൊണ്ട് എന്തു പ്രയോജനം? (യാക്കോബ് 2:1516).
അവൻ പറഞ്ഞു: രണ്ടുടുപ്പുള്ളവൻ ഒന്ന് ഇല്ലാത്തവനു കൊടുക്കട്ടെ. ഭക്ഷണം ഉള്ള വനും അങ്ങനെ ചെയ്യട്ടെ (ലൂക്കാ 3:11).
ലൗകിക സമ്പത്ത് ഉണ്ടായിരിക്കെ, ഒരുവൻ തന്റെ സഹോദരനെ സഹായമർഹിക്കുന്നവനായി കണ്ടിട്ടും അവനെതിരേ ഹൃദയം അടയ്ക്കുന്നെങ്കിൽ അവനിൽ ദൈവസ്നേഹം എങ്ങനെ കുടികൊള്ളും? കുഞ്ഞുമക്കളേ, വാക്കിലും സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടത്; പ്രവൃത്തിയിലും സത്യത്തിലുമാണ് (1 യോഹന്നാൻ 3:1718).

ദരിദ്രരെ ഞെരുക്കുന്നവൻ സ്രഷ്ടാവിനെ നിന്ദിക്കുന്നു; പാവപ്പെട്ടവരോട് ദയ കാണിക്കുന്നവൻ

അവിടുത്തെ ബഹുമാനിക്കുന്നു (സുഭാഷിതങ്ങൾ 14:31). ദരിദ്രന്റെ നിലവിളിക്ക് ചെവികൊടുക്കാത്തവനു വിലപിക്കേണ്ടിവരും; അത് ആരും കേൾക്കുകയുമില്ല (സുഭാ 21:13).

ദയാദൃഷ്ടിയുള്ളവൻ അനുഗൃഹീതനാകും; എന്തെന്നാൽ, അവൻ തന്റെ ആഹാരംദരിദ്രരുമായി പങ്കുവയ്ക്കുന്നു (സുഭാ 22:9).
ദരിദ്രർക്കു ദാനം ചെയ്യുന്നവൻക്ഷാമമം അനുഭവിക്കുകയില്ല; അവരുടെ നേരേ കണ്ണടയ്ക്കുന്നവനുശാപത്തിൻമേൽ ശാപമുണ്ടാകും (സുഭാ 28:27).